**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണത്തിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ചുള്ള അന്വേഷണം അന്തിമ ഘട്ടത്തിലാണെന്നിരിക്കെ ഇതിലൂടെ എത്ര രൂപയുടെ നഷ്ടം ഉണ്ടായിയെന്ന് വെളിപ്പെടുത്തുമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിൽ 8,01,035/-രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുള്ളതായി വനം വകുപ്പിലെ വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾ പാസ്സാക്കിയ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ.ബി.അജിത്കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.ആർ.ബി.അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിനും, നഷ്ടം ഈടാക്കുന്നതിനും ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| (സി) | സമയബന്ധിതമായി അനേഷണം പൂർത്തിയാക്കി നടപടി സ്വീകരിക്കാത്ത ഉദോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ? | (സി) | ടി വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അകാരണമായ കാലതാമസം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ